MONDAY 10/02/2025 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suresh A R** **Editor : Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/02/2025

1. കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വളർച്ചയ്ക്കും, സംരംഭകത്വം, മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണം, വിപണി ലക്ഷ്യമിട്ടുള്ള ഉല്പാദനപ്രക്രിയ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, രാജ്യത്തുടനീളം നടന്നുവരുന്ന 10,000 എഫ്പിഒ മേള 2025 കേരളത്തിൽ ഫെബ്രുവരി 21 മുതൽ 23 വരെ കോഴിക്കോട് ട്രേഡ് സെന്ററിൽ സംഘടിപ്പിക്കുന്നു. കേന്ദ്ര, സംസ്ഥാന കൃഷി വകുപ്പുകൾ, SFAC എന്നിവ സംയുക്തമായാണ് എഫ് പി ഒ മേള സംഘടിപ്പിക്കുന്നത്. മേളയുടെ ഭാഗമായി, ബിസിനസ്-ടു-ബിസിനസ് (B2B Meet) സംഘടിപ്പിക്കുന്നു. എഫ് പി ഒ കളുടെ ഉൽപ്പന്നങ്ങൾ സ്ഥിരമായി ലഭിക്കാൻ താല്പര്യമുള്ള വ്യാപാരികൾ, വ്യക്തികൾ, സംഘടനകൾ എന്നിവയുമായി ബി 2 ബി മീറ്റിലൂടെ ധാരണാപത്രത്തിലെത്താനുള്ള സൗകര്യവും ലഭിക്കും. കേരളത്തിലുടനീളമുള്ള 50 ഓളം എഫ്.പി.ഒ കളുടെ സ്റ്റാളുകൾ പ്രദർശനത്തിനുണ്ടാകും. ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് സ്റ്റാളുകളിൽ നിന്നും വാങ്ങാനുള്ള സൗകര്യം ലഭിക്കും. മേളയുടെ ഭാഗമായി എഫ്.പി.ഒ അംഗങ്ങൾ, കർഷകർ, സംരംഭകർ എന്നിവർക്കായി വിദഗ്ദർ നയിക്കുന്ന ബോധവൽക്കരണക്ലാസ്സുകളുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് (www.keralaagriculture.gov.in) സന്ദർശിക്കുകയോ, 9600973695, 6282290993 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ , (പാവൽ, വെണ്ട, പയർ), വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലിസോസ്, തക്കാളിസോസ് തുടങ്ങിയ വിവിധങ്ങളായ

മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കിസൂക്ഷിക്കേണ്ട പ്രാഥമികസംസ്കരണവും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

3. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഫെബ്രുവരി 19, 20** എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

4. തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ICAR ആര്യ പദ്ധതിയുടെ ഭാഗമായി പഴം, പച്ചക്കറി സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യപ്പെടുന്ന 45 വയസിൽ താഴെയുള്ളവർക്കായി "പഴം, പച്ചക്കറി സംസ്കരണ മേഖലയിലെ സംരംഭകത്വ വികസനവും സാധ്യതകളും" എന്ന വിഷയത്തിൽ 24/02/2025 - 28/02/2025 വരെ ഒരാഴ്ച നീളുന്ന സൗജന്യ പരിശീലന ക്ലാസ് സംഘടിപ്പിക്കുന്നു. മലപ്പുറം ജില്ലയിലെ തവനൂർ, കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് രാവിലെ 10 മാണി മുതൽ 4 മാണി വരെയാണ് പരിശീലനം. ക്ലാസ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 11.02.2025 നു 10 മണിക്ക് മുൻപായി 8547193685 എന്ന നമ്പറിൽ ഫോൺ ചെയ്തു രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന സംരംഭം തുടങ്ങാൻ താൽപ്പര്യമുള്ള 35 പേർക്കാണു അവസരം ലഭിക്കുക.

5. മണ്ണുത്തി സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്ടറി സയൻസിൽ ഫെബ്രുവരി 27 ന് ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു.ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9495333400 എന്ന നമ്പറിൽ ബന്ധപ്പെടുക

6. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ഫെബ്രുവരി 14 മുതൽ 15 വരെ 2 ദിവസങ്ങളിലായി "സുരക്ഷിതമായ പാൽ ഉല്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 12.02.2025-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

7. റബ്ബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (എൻഐആർടി) 2025 ഫെബ്രുവരി 17 മുതൽ 21 വരെ ഡ്രൈ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ അഞ്ച് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ റബ്ബർ കോമ്പൗണ്ടിംഗ് തത്വങ്ങളെക്കുറിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുന്നു;

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാർത്തെടുത്തതും പുറത്തെടുത്തതും കലണ്ടർ ചെയ്തതുമായ സാധനങ്ങൾ; പ്രോസസ്സ് കൺട്രോൾ, വൽക്കനൈസേഷൻ ടെസ്റ്റുകൾ; സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME) സ്കീമുകൾ; ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിയവ. വിശദവിവരങ്ങൾക്ക് ഫോണിൽ ബന്ധപ്പെടുക: 9446976726 അല്ലെങ്കിൽ Whatsapp 04812353201. ഇ-മെയിൽ: training@rubberboard.org.in.

8. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷനിൽ 'ഗ്രാജുവേറ്റ് എഞ്ചിനീയർ ട്രെയിനികളെ' താൽക്കാലികാടിസ്ഥാനത്തിൽ വാക്ക്-ഇൻ ഇന്റർവ്യൂ വഴി നിയമിക്കുന്നു. സിവിൽ എഞ്ചിനീയറിങ്ങിലോ ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങിലോ 60 ശതമാനം മാർക്കോടെ ബിടെക് ബിരുദം ഉണ്ടായിരിക്കണം. സൂപ്പർവിഷൻ, എസ്റ്റിമേഷൻ എന്നിവയിൽ ഒരു വർഷത്തെ പരിചയവും ഉണ്ടായിരിക്കണം. കാഡ് (CAD) ലുള്ള അറിവ് അഭികാമ്യം. 2025 ജനുവരി 01 ന് പ്രായം 27 വയസ്സ് കവിയരുത്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, യോഗ്യത, പരിചയം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകൾ സഹിതം 2025 ഫെബ്രുവരി 19 -ന് രാവിലെ 10.00 മണിക്ക് ജോയിന്റ് ഡയറക്ടർ (ഇ & പി), എഞ്ചിനീയറിങ് & പ്രോസസ്സിങ് ഡിവിഷൻ കോട്ടയം -686009 മുമ്പാകെ ഹാജരാകണം. വിശദാംശങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക. ഫോൺ: 0481-2353311 (എക്സ്റ്റൻഷൻ-236)

## 9. കാർഷിക നിർദ്ദേശം

തെങ്ങ് - മച്ചിങ്ങയെ ബാധിക്കുന്ന കോറിഡ് ബഗ്ഗിനെതിരെ സ്പൈറോമെസിഫെൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. പരാഗണം നടക്കുന്ന പൂങ്കുലയിൽ കീടനാശിനി വീഴരുത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാഴ - നീര് ഊറ്റി കുടിക്കുന്ന വാഴപ്പേൻ, കുറുനാമ്പ് കൊക്കാൻ തുടങ്ങി വൈറസ് രോഗങ്ങൾ പരത്തുന്നു. ഇവക്കെതിരെ പുകയില കഷായം തളിക്കുക ഡൈമെത്തോയേറ്റ് 30 EC കൊടുക്കാം, അല്ലെങ്കിൽ വാഴക്കുഴിയിൽ കാർബോസഫൻ ഗ്രാം ചേർത്ത കൊടുക്കാം. തളിച്ചു 6G 20 ഗ്രാം ചേർത്ത് കൊടുക്കാം

ജാതി - നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ ഇലചുരുട്ടി പുഴുവിന്റെയും പച്ചത്തുള്ളന്റെയും ആക്രമണത്തിന് സാധ്യതയുണ്ട്.. ഇവയെ നിയന്ത്രിക്കാൻ 3 ഗ്രാം തയാമെത്തോക്സാം 10 ലിറ്റർ വെള്ളത്തിൽ തളിക്കുക.

പയർ -നിലവിലുള്ള അന്തരീക്ഷ സാഹചര്യത്തിൽ പച്ചക്കറികളിൽ നിര് വലിച്ചുകുടിക്കുന്ന കീടങ്ങളുടെ ആക്രമണത്തിന് സാധ്യതയുണ്ട്. 25 മില്ലി വേപ്പെണ്ണ 1 ലിറ്റർ വെള്ളത്തിൽ തയ്യാറാക്കിയ ലായനിയിൽ ബാർ സോപ്പ് ചേർത്ത് ചെടികളിൽ തളിച്ച് കൊടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം